I ഇ.ബി. XII - കേരള നിയമസഭ/XV-10

**പന്ത്രണ്ടാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

**നിയമസഭാ നടപടികൾ – സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2010 ജൂലൈ 9, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**ശ്രദ്ധക്ഷണിക്കൽ**

(1) സംസ്ഥാനത്തെ കോളേജുകൾക്ക് NAAC അക്രെഡിറ്റേഷൻ

ശ്രീ. വർക്കല കഹാർ: സർവ്വകലാശാലകൾ ഉൾപ്പെടെയുള്ള ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങളുടെ നിലവാരം പരിശോധിച്ച് ഗ്രേഡ് നൽകുന്നതിനുവേണ്ടി യു.ജി.സി.ക്ക് കീഴിൽ രൂപംകൊടുത്ത സ്വയംഭരണ സ്ഥാപനമാണ് NAAC. സംസ്ഥാനത്തെ കോളേജുകളും യൂണിവേഴ്സിറ്റി കളും NAAC-ന്റെ പരിശോധനയ്ക്ക് വിധേയമായി ഗ്രേഡുകൾക്ക് അർഹമാ യവയാണ്. യു.ജി.സി.യുടെ നയപരിപാടികൾക്കനുസൃതമായി ഭാവിയിൽ NAAC നൽകുന്ന ഗ്രേഡ് അനുസരിച്ചായിരിക്കും യു.ജി.സി. സഹായംപോലും ലഭിക്കുന്നത്. വിദേശവിദ്യാർത്ഥികൾ ഉൾപ്പെടെയുള്ളവർ

കോളേജുകൾ തെരഞ്ഞെടുക്കുന്നത് NAAC-ന്റെ അംഗീകാരത്തിന്റെ മാനദണ്ഡം അനുസരിച്ചാണ്. എന്നാൽ 5 വർഷം കഴിഞ്ഞ് നടത്തേണ്ട റീ-അക്രെഡിറ്റേഷൻ പ്രോസസ്സ് മുടങ്ങിയതുകൊണ്ട് സംസ്ഥാനത്തെ മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റി, കേരള യൂണിവേഴ്സിറ്റി, കൊച്ചിയിലെ സയൻസ് ആന്റ് ടെക്നോളജി യൂണിവേഴ്സിറ്റി എന്നിവയുടെ അംഗീകാരം നഷ്ടമായിരിക്കുകയാണ്. NAAC-ന്റെ അംഗീകാരം നഷ്ടപ്പെട്ട സ്ഥാപനങ്ങൾക്ക് ദേശീയതലത്തിൽ ശ്രദ്ധപിടിച്ചുപറ്റാൻ സാധിക്കുകയില്ല. NAAC-ന്റെ അംഗീകാരം നേടാൻ 2008-ൽ കേരള യൂണിവേഴ്സിറ്റി സമർപ്പിക്കേണ്ട സെൽഫ് റിവ്യൂ റിപ്പോർട്ട് ഇതുവരെ സമർപ്പിച്ചിട്ടില്ല. പ്രസ്തുത റിപ്പോർട്ട് സമർപ്പിക്കാൻ സർക്കാർ കോളേജുകൾക്കും എയ്ഡഡ് കോളേജുകൾക്കും നിർദ്ദേശം നൽകണം. സെൽഫ് റിവ്യൂ റിപ്പോർട്ട് തയ്യാറാക്കുന്നതിൽ വീഴ്ച വരുത്തുന്നത് ഒഴിവാക്കുന്നതിനായി ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഓരോ സ്ഥാപനത്തിലും ട്രെയിൻഡ് ആയിട്ടുള്ള ഒരു ടീമിനെ സൃഷ്ടിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എം. എ. ബേബി</u>): NAAC സർവ്വകലാശാലകൾക്കും കോളേജുകൾക്കും നൽകുന്ന അക്രെഡിറ്റേഷന്റെ കാലാവധി 5 വർഷമാണ്. അത് കഴിയുമ്പോൾ അക്രെഡിറ്റേഷൻ പുതുക്കണമെന്നാണ് വ്യവസ്ഥ. കേരള യൂണിവേഴ്സിറ്റി, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി, കൊച്ചിയിലെ സയൻസ് ആന്റ് ടെക്നോളജി യൂണിവേഴ്സിറ്റി എന്നിവ അക്രെഡിറ്റേഷൻ പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കോഴിക്കോട്

യൂണിവേഴ്സിറ്റിക്ക് ഇതിനോടകം അക്രഡിറ്റേഷൻ പുതുക്കി ലഭിച്ചിട്ടുണ്ട്. കണ്ണൂർ സർവ്വകലാശാല, ശ്രീശങ്കര സർവ്വകലാശാല എന്നിവയുടെ അക്രഡിറ്റേഷൻ പുതുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. 162 കോളേജുകൾക്ക് NAAC-ന്റെ അക്രഡിറ്റേഷൻ ഇതിനകം ലഭ്യമായിട്ടുണ്ട്. അക്രഡിറ്റേഷന്റെ കാലാവധി കഴിഞ്ഞ 60 കോളേജുകൾ റീ-അക്രഡിറ്റേഷനുവേണ്ട നടപടികൾ പൂർത്തീകരിച്ചുവരികയാണ്. അക്രഡിറ്റേഷൻ ലഭിക്കാത്ത കോളേജുകൾക്ക് അത് നേടിയെടുക്കുന്നതിനും അക്രഡിറ്റേഷൻ കാലാവധി കഴിഞ്ഞ കോളേജുകൾക്ക് റീ-അക്രഡിറ്റേഷൻ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും വേണ്ടി കോളേജ് വിദ്യാഭ്യാസ വകുപ്പിലെ ക്വാളിറ്റി അഷ്വറൻസ് സെൽ പ്രവർത്തിക്കുന്നുണ്ട്. അക്രഡിറ്റേഷൻ നടപടികളുടെ ചെലവിലേയ്ക്ക് സംസ്ഥാനസർക്കാർ 4 കോടിയിൽപ്പരം രൂപ നീക്കിവച്ചിട്ടുണ്ട്. സെൽഫ് റിവ്യൂ റിപ്പോർട്ട് തയ്യാറാക്കുന്നതിൽ വരുത്തുന്ന വീഴ്ച ഒഴിവാക്കുന്നതിനുവേണ്ടി ഓരോ സ്ഥാപനത്തിലും ട്രെയിൻഡ് ആയിട്ടുള്ള ഒരു ടീമിനെ സൃഷ്ടിച്ചെടുക്കണമെന്ന നിർദ്ദേശം സർക്കാർ പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

(2) <u>മലയോര കർഷകരുടെ കൈവശഭൂമിക്ക് പട്ടയം</u>

<u>ശ്രീ. കെ. കെ. ജയചന്ദ്രൻ</u>: ഇടുക്കി, പത്തനംതിട്ട, തൃശ്ശൂർ, എറണാകുളം, കൊല്ലം ജില്ലകളിലെ മലയോര കൃഷിക്കാർക്ക് ഉപാധിരഹിതമായി പട്ടയം നൽകാനുള്ള നടപടി സ്വീകരിക്കണം. 1-1-1977-ന് മുമ്പ് കുടിയേറിയിട്ടുള്ള 28588.159 ഹെക്ടർ ഭൂമിക്ക് പട്ടയം നൽകാനും അതുവരെ നടത്തിയിട്ടുള്ള കയ്യേറ്റങ്ങൾ മാത്രം അംഗീകരിച്ചാൽ മതി

യെന്നുമാണ് തീരുമാനിച്ചിട്ടുള്ളത്. 1980-ൽ കേന്ദ്ര വനസംരക്ഷണ നിയമം നിലവിൽ വന്നതിനാൽ പട്ടയം നൽകുന്നതിന് കേന്ദ്രാനുമതി ആവശ്യമായി വരികയും 23-3-1993-ൽ കേന്ദ്രസർക്കാർ 6 വ്യവസ്ഥകൾ പാലിക്കണമെന്ന് നിഷ്ക്കർഷിച്ച് താൽക്കാലികാനുമതി നൽകുകയുമുണ്ടായി. ഈ വ്യവസ്ഥകൾ പാലിച്ചുകൊണ്ടുള്ള അന്തിമറിപ്പോർട്ട് ലഭിക്കുമ്പോൾ അന്തിമ അനുമതി നൽകുമെന്നും അതുവരെ ഭൂമി കൈമാറ്റം ചെയ്യാൻ പാടില്ലായെന്നും പ്രത്യേകമായി വ്യവസ്ഥ ചെയ്തിരുന്നു. കേന്ദ്രാനുമതിക്ക് വിധേയമായിട്ടാണ് 1993-ലെ ചട്ടം ഉണ്ടാക്കിയിട്ടുള്ളത്. അതിൽ 4 ഏക്കറിൽ കൂടുതൽ ഭൂമി പതിച്ചു നൽകാൻ പാടില്ലായെന്നും ഭൂമി കൈമാറ്റം ചെയ്യാൻ പാടില്ലായെന്നും വ്യവസ്ഥ ചെയ്തിരുന്നു. 23-3-1993-ലെ താൽക്കാലിക ഉത്തരവ് സംസ്ഥാന സർക്കാർ പാലിച്ചതിനാൽ 5 ജില്ലകൾ ഉൾക്കൊള്ളുന്ന ഇത്രയും ഭൂമി ക്രമീകരിക്കുവാനും പതിച്ചുനൽകുവാനും 31-1-1995-ൽ കേന്ദ്ര സർക്കാർ അന്തിമ അനുവാദം നൽകിയതാണ്. പട്ടയം നൽകുന്നത് നിറുത്തി വയ്ക്കുവാനാവശ്യപ്പെട്ട് 1993-ൽ വന്ന കേസ്സിന്റെ വിധിന്യായത്തിൽ കേന്ദ്ര സർക്കാർ 23-3-1993-ൽ നൽകിയ താൽക്കാലിക ഉത്തരവും 31-1-1995-ൽ നൽകിയ അന്തിമ ഉത്തരവും നിയമപ്രാബല്യമുള്ളതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. നാല് ഏക്കറിൽ കൂടുതൽ ഭൂമി പതിച്ചു നൽകരുതെന്ന കേരള ഹൈക്കോടതി വിധി സുപ്രീംകോടതിയും അംഗീകരിച്ചിട്ടുണ്ട്. കേരള ലാന്റ് അസൈൻമെന്റ് ആക്ട് 1960 നിയമത്തിലെ 7-ാം വകുപ്പു പ്രകാരം 1993-ലെ പ്രത്യേക ചട്ടത്തിന്റെ വ്യവസ്ഥകൾ ഭേദഗതി ചെയ്യുന്നതിന് കേരള സർക്കാരിന് പൂർണ്ണ അധികാരമുള്ളതായും 15 (1) വകുപ്പ് ഭേദഗതി ചെയ്യുന്ന

തിന് നിയമതടസ്സം ഇല്ലെന്നും കൈവശഭൂമിക്ക് പട്ടയം നൽകുന്നതിനായി 1960-ലെ കെ.എൽ.എ. ആക്ടിലെ 7-ാം വകുപ്പുപ്രകാരം തയ്യാറാക്കിയ ഹൈറേഞ്ച് കോളനൈസേഷൻ സ്കീം, വയനാട് കോളനൈസേഷൻ സ്കീം തുടങ്ങിയവയിലൊന്നിലും കൈമാറ്റ നിബന്ധന ഇല്ലെന്നും കേരള സർക്കാരിന് വ്യക്തമായ അധികാരമുണ്ടെന്ന് സീനിയർ അഡ്വക്കേറ്റുമാർ ചൂണ്ടിക്കാണിച്ചിട്ടുള്ളതിനാലും കൃഷിക്കാർക്ക് കൈവശാവകാശത്തോടുകൂടിയുള്ള പട്ടയം നൽകാൻ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (<u>ശ്രീ. കെ.പി. രാജേന്ദ്രൻ</u>) : 01-01-1977-ന് മുമ്പുള്ള കൈവശക്കാർക്ക് 1993-ലെ റൂൾസ് അനുസരിച്ച് 28588 ഹെക്ടർ വനഭൂമിക്ക് പട്ടയം നൽകാനാണ് കേന്ദ്രസർക്കാർ അനുവാദം നൽകിയത്. ഇതിൽ 25000-ത്തിലധികം ഹെക്ടർ ഭൂമിയും ഇടുക്കി ജില്ലയിലാണ്. മുമ്പ് പട്ടയവിതരണം തുടങ്ങി പകുതിയോളം കഴിഞ്ഞപ്പോഴാണ് സുപ്രീംകോടതിയുടെ സ്റ്റേ വന്നത്. സുപ്രീംകോടതിയിലെ കേസ്സിൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും വനം-റവന്യു വകുപ്പുകളുടെ സംയുക്ത സത്യവാങ്മൂലം നൽകാൻ കഴിഞ്ഞിട്ടില്ല. ഈ സർക്കാർ വന്നതിനുശേഷം രണ്ടുവകുപ്പുകളും യോജിച്ച് സത്യവാങ്മൂലം തയ്യാറാക്കുകയും മന്ത്രിസഭയുടെ അംഗീകാരത്തോടെ ചീഫ് സെക്രട്ടറി സത്യവാങ്മൂലം സമർപ്പിക്കുകയും സീനിയർ അഭിഭാഷകനെ ചുമതലപ്പെടുത്തി കേസ് വാദിക്കുകയും ചെയ്തതിന്റെ ഫലമായി സർക്കാരിന് അനുകൂലമായ വിധി നേടിയെടുക്കാൻ സാധിച്ചു. ഇതനുസരിച്ച് മുമ്പ് നൽകിയിരുന്ന പട്ടയങ്ങൾ മാറ്റി പുതിയ പട്ടയങ്ങൾ വിതരണം ചെയ്തുതുടങ്ങി. ഈ സന്ദർഭത്തിലാണ് 1993-ലെ റൂൾസിലെ ചില വ്യവസ്ഥകൾ അംഗീകരിക്കാൻ കർഷകർക്ക് ബുദ്ധിമുട്ടു

ണ്ടെന്ന സ്ഥിതിവന്നത്. 1993-ലെ റൂൾസ് അനുസരിച്ച് പട്ടയം അനന്തരാവകാശികൾക്കല്ലാതെ കൈമാറ്റം ചെയ്യാനോ വിൽക്കാനോ പാടില്ല. അതേസമയം ബാങ്കുകളിൽനിന്നോ മറ്റ് ധനകാര്യസ്ഥാപനങ്ങളിൽ നിന്നോ വായ്പയെടുക്കുന്നതിന് ചട്ടപ്രകാരം തടസ്സമുണ്ടായിരുന്നില്ലെങ്കിലും ധനകാര്യ സ്ഥാപനങ്ങളിൽനിന്ന് കൃഷിക്കാർക്ക് വായ്പയോ ധനസഹായമോ ലഭിക്കാത്ത സ്ഥിതിയാണുണ്ടായത്. 1993-ലെ റൂൾസ് ഭേദഗതി ചെയ്യണമെന്നും വിൽപ്പന നടത്താനും കൈമാറ്റം നടത്താനുമുള്ള അവകാശവും ഇതുവരെ വിൽപ്പന നടത്തിയത് അംഗീകരിക്കണമെന്നുള്ള ആവശ്യവുമാണ് ഉയർന്നു വന്നിട്ടുള്ളത്. ഇത് വളരെ സങ്കീർണ്ണവും നിയമപ്രശ്നമുള്ളതുമായതിനാൽ ഏറ്റവും വേഗത്തിൽ ചട്ടങ്ങളിൽ ഭേദഗതി വരുത്തി മലയോര കർഷകരെ സഹായിക്കണമെന്നുതന്നെയാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. അടുത്ത ആറു മാസത്തിനകം നടപടിക്രമങ്ങൾ പൂർത്തിയാക്കി 01-01-1977-നു മുമ്പുള്ള അർഹരായ മുഴുവൻ പേർക്കും പട്ടയം നൽകാനുള്ള നടപടിയാണ് സ്വീകരിച്ചുവരുന്നത്. സുപ്രീംകോടതി വിധിയിൽ നേരത്തെ അനുവാദം ലഭിച്ചതിനുപുറമേ 10000 ഹെക്ടർ ഭൂമിക്കുകൂടി പട്ടയം നൽകുന്നതിന് അനുമതി തേടാവുന്നതാണ് എന്ന് സുപ്രീംകോടതി അനുവാദം നൽകിയതിന്റെ അടിസ്ഥാനത്തിൽ പകരം വനവൽക്കരണത്തിന് ഭൂമി നൽകി പുതിയ കൈവശക്കാർക്ക് പട്ടയം നൽകുന്നതിനും നടപടികൾ സ്വീകരിച്ചു വരികയാണ്. ഈ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ഇടുക്കി ജില്ലയിൽ കൂടുതൽ ജീവനക്കാരെയും നിയമിച്ചു കഴിഞ്ഞു.

## സബ്മിഷൻ

### (1) സോണൽ റെയിൽവേ യൂസേഴ്സ് കൺസൾട്ടേറ്റീവ് കമ്മിറ്റി

ശ്രീ. ആനത്തലവട്ടം ആനന്ദൻ: ജൂലൈ 1 മുതൽ ചിറയിൻകീഴും പരവൂരും പരശുറാം എക്സ്പ്രസ് ട്രെയിനിന് സ്റ്റോപ്പുള്ളതായി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ടിക്കറ്റ് റിസർവേഷൻ ആരംഭിക്കുകയും ചെയ്തശേഷം ഇത് റിസർവേഷൻ സംവിധാനത്തിലെ പിഴവാണെന്നും റിസർവേഷൻ തുക തിരിച്ചുനൽകുന്നതാണെന്നും റെയിൽവേ ഡിവിഷൻ ഒരു പത്രക്കുറിപ്പ് ഇറക്കുകയുണ്ടായി. പരശുറാം എക്സ്പ്രസ് കടയ്ക്കാവൂരും ചിറയിൻകീഴും പരവൂരും നിർത്തണമെന്ന ആവശ്യം ഡിപ്പാർട്ട്മെന്റ് ഏറെക്കുറെ അംഗീകരിച്ചെങ്കിലും പ്രാവർത്തികമാക്കിയിട്ടില്ല. റെയിൽവേയുടെ ഈ അവഗണന അവസാനിപ്പിക്കാനും സോണൽ റെയിൽവേ യൂസേഴ്സ് കൺസൾട്ടേറ്റീവ് കമ്മിറ്റി വിളിച്ചുചേർക്കാനും വേളി റെയിൽവേ സ്റ്റേഷനിൽ രാത്രി ട്രെയിനിൽ വന്നിറങ്ങുന്ന ദൂരയാത്രക്കാർക്ക് ആവശ്യമായ വാഹനസൗകര്യം ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : ഈ വിഷയം റെയിൽവേ ഡിവിഷനിലെ ഉദ്യോഗസ്ഥരുമായി സംസ്ഥാന സർക്കാർ ചർച്ച ചെയ്തു. ചിറയിൻകീഴും പരവൂരും പരശുറാം എക്സ്പ്രസ്സിന് സ്റ്റോപ്പുള്ളതായി വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചത് സിസ്റ്റത്തിൽ വന്ന ഒരു പിഴവുമൂലമാണെന്നാണ് റെയിൽവേ അധികാരികളുടെ വിശദീകരണം. ഇവിടെ ഉന്നയിച്ച ആവശ്യം സംബന്ധിച്ച നിവേദനം സംസ്ഥാന സർക്കാർ

റെയിൽവേ മന്ത്രാലയത്തിനും തിരുവനന്തപുരം റെയിൽവേ ഡിവിഷണൽ മാനേജർക്കും സതേൺ റെയിൽവേ ജനറൽമാനേജർക്കും അയച്ചു കൊടുക്കുകയും തിരുവനന്തപുരം റെയിൽവേ ഡിവിഷണൽ ജനറൽ മാനേജർ അനുകൂലമായി ശുപാർശ ചെയ്ത് സതേൺ റെിൽവേയ്ക്ക് അയച്ചുകൊടുത്തതായും അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ അനുകൂലമായ തീരുമാനമുണ്ടാകുമെന്നാണ് റെയിൽവേ അധികാരികൾ അറിയിച്ചിട്ടുള്ളത്. സോണൽ റെയിൽവേ യൂസേഴ്സ് കൺസൾട്ടേറ്റീവ് കമ്മിറ്റി ഉടൻ വിളിച്ചു ചേർക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് സതേൺ റെയിൽവേ മാനേജരോട് ആവശ്യപ്പെട്ടിട്ടുണ്ട്. വേളി റെയിൽവേസ്റ്റേഷനിലെ യാത്രാക്ലേശം പരിഹരിക്കുന്നതിന് കൊല്ലം സ്റ്റേഷനിൽനിന്ന് ട്രെയിനുകൾ പുറപ്പെടുന്ന സമയത്ത് കെ.എസ്.ആർ.ടി.സി.യുടെ കൺട്രോൾ റൂമിൽ വിളി ച്ചറിയിച്ചാൽ ആവശ്യമായ ബസുകൾ വേളി സ്റ്റേഷനിൽ എത്തിക്കുന്നതാണ്.

(2) <u>നിലമ്പൂർ-ഷൊർണ്ണൂർ പാസഞ്ചർ ട്രെയിനിലും വഞ്ചിനാട് എക്സ്പ്രസ്സിലുമുണ്ടായ അട്ടിമറിശ്രമം</u>

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : 08-07-2010-ന് നിലമ്പൂർ-ഷൊർണ്ണൂർ പാസഞ്ചർ ട്രെയിനിന്റെ 11 ബോഗികളുടെ ബ്രേക്ക് പൈപ്പ് പൊട്ടിച്ചതും വഞ്ചിനാട് എക്സ്പ്രസ്സിൽ മാവേലിക്കരയിൽവച്ച് സ്ഫോടകവസ്തുക്കൾ കണ്ടെത്തിയതും അതീവഗുരുതരമായ സംഭവങ്ങളാണ്. ഈ രണ്ട് സംഭവങ്ങ ളെക്കുറിച്ചും ഊർജ്ജിതമായ അന്വേഷണം നടത്തി യഥാർത്ഥ പ്രതികളെ കണ്ടെത്താൻ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്കു വേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി <u>(ശ്രീ. എം. വിജയകുമാർ)</u> : പ്രസ്തുത

വിഷയങ്ങൾ അതീവ ഗൗരവത്തോടുകൂടിയാണ് ഗവൺമെന്റ് കാണുന്നത്. 07-07-2010-ൽ രാത്രി 9.30-ന് നിലമ്പൂർ സ്റ്റേഷനിൽ നിർത്തിയിട്ടിരുന്ന നിലമ്പൂർ-ഷൊർണ്ണൂർ പാസഞ്ചർ ട്രെയിൻ 08-07-2010-ന് രാവിലെ 6.45-ന് ഷൊർണ്ണൂരിലേയ്ക്ക് പുറപ്പെടാൻ സമയത്ത് സ്റ്റാർട്ടാകാതെ വന്നപ്പോൾ നടത്തിയ പരിശോധനയിൽ ബോഗികളുടെ ഇടയിലുള്ള 9 സ്പീഡ് ഹോസ് പൈപ്പുകളും 11 ബ്രേക്ക് ഹോസ് പൈപ്പുകളും 20 സ്ഥലങ്ങളിൽ മുറിച്ച് കേടാക്കിയതായി കാണുകയും നിലമ്പൂർ റെയിൽവേ സ്റ്റേഷൻമാസ്റ്ററുടെ പരാതിപ്രകാരം ഷൊർണ്ണൂർ റെയിൽവേ പോലീസ് സ്റ്റേഷനിൽ ഇന്ത്യൻ റെയിൽവേ ആക്ട് 151-ാം വകുപ്പ് പ്രകാരം 08-07-2010-ന് കേസ് രജിസ്റ്റർ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഉന്നത പോലീസ് ഉദ്യോഗസ്ഥർ, ഫിംഗർപ്രിന്റ് വിദഗ്ദ്ധർ, സയന്റിഫിക് അസിസ്റ്റന്റ്, ഫോട്ടോഗ്രാഫർ എന്നിവർ സ്ഥലത്തെത്തി വിശദമായ പരിശോധന നടത്തുകയും ഡോഗ് സ്ക്വാഡിന്റെ സേവനം പ്രയോജനപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സംഭവത്തെക്കുറിച്ച് പാലക്കാട് റെയിൽവേ ഡിവൈ.എസ്.പി. ഊർജ്ജിതമായി അന്വേഷണം നടത്തി വരികയാണ്. ട്രെയിനിന്റെ തകരാറുകാരണം മുടങ്ങിപ്പോയ റെയിൽഗതാഗതം പുന:സ്ഥാപിച്ചിട്ടുണ്ട്. സംഭവത്തിൽ അട്ടിമറിശ്രമമോ തീവ്രവാദബന്ധമോ ഉണ്ടോയെന്ന് സർക്കാർ ഗൗരവമായി പരിശോധിച്ചുവരികയാണ്. ട്രെയിനുകളുടെ സുരക്ഷ ഉറപ്പുവരുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ഡയറക്ടർ ജനറൽ ഓഫ് പോലീസിന് ആഭ്യന്തര വകുപ്പ് പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ട്.

(3) ഷാജികുമാറിന്റെ കുടുംബത്തിന് ധനസഹായം

ശ്രീ. ജോർജ് മേഴ്സിയർ: മാവോയിസ്റ്റ് ആക്രമണത്തിൽ മരണപ്പെട്ട സി.ആർ.പി.എഫ്. ജവാനായ ഷാജികുമാറിന്റെ കുടുംബത്തിന് സംസ്ഥാന സർക്കാരിന്റെ പ്രത്യേക ധനസഹായം ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): യുദ്ധത്തിലോ യുദ്ധസമാനമായ സാഹചര്യത്തിലോ മരണപ്പെടുന്ന ജവാൻമാരുടെ ആശ്രിതർക്കാണ് മുഖ്യമന്ത്രിയുടെ സൈനികക്ഷേമ നിധി യിൽനിന്ന് ധനസഹായം അനുവദിക്കുന്നത്. ഷാജികുമാറിന്റെ മരണത്തെ സംബന്ധിച്ച് ബന്ധപ്പെട്ടവരിൽനിന്ന് വിശദമായ റിപ്പോർട്ട് ലഭ്യമാക്കി സൈനികക്ഷേമനിധിയിൽനിന്ന് സഹായം നൽകാൻ സാധിക്കുമോയെന്ന കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. മുഖ്യമന്ത്രിയുടെ ദുരി താശ്വാസനിധിയിൽനിന്ന് മൂന്ന് ലക്ഷം രൂപ അനുവദിക്കാൻ തീരുമാനമെടു ത്തിട്ടുണ്ട്.

(4) മലയാളം സർവ്വകലാശാല

(ശ്രീ. ബാബു എം. പാലിശ്ശേരിയും നോട്ടീസ് നൽകിയിട്ടുണ്ട്)

ശ്രീ. സി.പി. മുഹമ്മദ് : കേരളത്തിൽ മലയാളം സർവ്വകലാശാല സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ ബേബി) : കേരളത്തിലെ സർവ്വകലാശാലകളിൽ മലയാള ഭാഷാപഠനത്തിന് വിപുലമായ സൗകര്യങ്ങൾ ഇപ്പോൾത്തന്നെയുണ്ട്. കൂടാതെ മലയാളഭാഷ യുടെ പ്രോൽസാഹനവും വളർച്ചയും ലക്ഷ്യമാക്കി നിരവധി സ്ഥാപനങ്ങൾ മലയാള ഭാഷാ-സാഹിത്യം-സംസ്ക്കാരം എന്നിവ സമ്പുഷ്ടമാക്കുന്ന

പ്രവർത്തികളിൽ ഏർപ്പെട്ടുവരുന്നു. കൂടാതെ മലയാള ഭാഷയ്ക്ക് ക്ലാസ്സിക്കൽ പദവി ലഭിക്കുന്നതിനുവേണ്ടി കേന്ദ്ര സർക്കാരുമായി നിരന്തരം സമ്പർക്കം നടത്തിവരികയാണ്. മലയാളത്തിന് മാത്രമായി സർവ്വകലാശാല എന്ന ആശയം പരിഗണനനാർഹമാണ്. ഇത് സംബന്ധിച്ച് സർക്കാർ അന്തിമമായ തീരുമാനം എടുത്തിട്ടില്ല.

(5) <u>ചേറ്റുവാ പാലത്തിന്റെ ടോൾ പിരിവ്</u>

<u>ശ്രീ. കെ.വി. അബ്ദുൾ ഖാദർ :</u> ചേറ്റുവാ പാലത്തിന്റെ ടോൾ പിരിവ് അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി <u>(ഡോ. തോമസ് ഐസക്)</u>: 1956-ലെ നാഷണൽഹൈവേ ആക്ട് അനുസരിച്ച് ദേശീയപാതയിൽപ്പെടുന്ന പാലങ്ങൾക്ക് നിർമ്മാണച്ചെലവും 9 ശതമാനം വാർഷിക പലിശയും പിരിഞ്ഞു കിട്ടുന്നതുവരെ മാത്രം ടോൾ പിരിച്ചാൽ മതിയായിരുന്നു. എന്നാൽ 1997-ലെ നാഷണൽഹൈവേ ആക്ട് ഭേദഗതി ചെയ്തതു പ്രകാരം ദേശീയ പാതയിലുള്ള ഒരു പാലത്തിന്റേയും ടോൾപിരിവ് നിറുത്താൻ സാധ്യമല്ല. ദേശീയപാത ആക്കുന്നതിനു മുമ്പ് പണിത പാലമാണോ ഇതെന്നും ഭേദഗതി വരുത്തിയ ആക്ടിലെ നിബന്ധനകൾ ബാധകമാകുമോയെന്ന കാര്യവും പരി ശോധിക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്.

(6) <u>മലയം-മൊട്ടമൂട് റോഡ്</u>

<u>ശ്രീ. എൻ. ശക്തൻ</u>: മലയിൻകീഴ്-വിളവൂർക്കൽ-പള്ളിച്ചൽ എന്നീ മൂന്ന് പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന മലയം-മൊട്ടമൂട് റോഡ് ടാർ ചെയ്യുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

ധനകാര്യവകുപ്പുമന്ത്രി (ഡോ.തോമസ് ഐസക്): പ്രസ്തുത റോഡിന്റെ ഭരണാനുമതി നൽകിക്കഴിഞ്ഞു. മന്ത്രിസഭ അംഗീകരിച്ചിട്ടുണ്ട്. എത്രയും പെട്ടെന്ന് ടെണ്ടർ നൽകുന്നതാണ്.

(7) തെരുത്തകടവ്-കുറ്റ്യാടി റോഡ്

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : പേരാമ്പ്രാ മണ്ഡലത്തിലെ തെരുത്തക്കടവ്-കുറ്റ്യാടി റോഡിന്റെ താഴെച്ചൊവ്വ വരെയുള്ള ഭാഗം ബി.എം ആന്റ് ബി.സി പ്രവൃത്തി നടത്തി ഗതാഗത സൗകര്യം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : പ്രസ്തുത റോഡിന്റെ നിർമ്മാണത്തിനുവേണ്ടി 14 കോടി രൂപ ആവശ്യമാണ്. റോഡിന്റെ നിർമ്മാണം നടത്താനാവശ്യമായ നടപടി സ്വീകരിക്കാം.

(8) പള്ളാത്തുരുത്തി ഗോവണിപ്പാലത്തിന് പകരം കോൺക്രീറ്റ് പാലം

ശ്രീ. എ.എ. ഷുക്കൂർ : ആലപ്പുഴ ജില്ലയിൽ പള്ളാത്തുരുത്തി ഗോവണിപ്പാലത്തിന് പകരം കോൺക്രീറ്റ് പാലം നിർമ്മിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക് ) : ഈ പാലത്തിന്റെ പണിക്ക് നെഗോഷ്യേറ്റ് ക്വട്ടേഷൻ ക്ഷണിച്ചത് പ്രകാരം ലഭിച്ച ക്വട്ടേഷൻ സർക്കാരിന്റെ പരിഗണനയിലാണ്.

(9) ആൾട്ടർനേറ്റ് സ്കൂളുകളിലെ ജീവനക്കാർ നടത്തുന്ന നിരാഹാര സമരം

ശ്രീ. കെ.വി. കുഞ്ഞിരാമൻ : സ്ഥിരം നിയമനം നൽകുക, സേവന വേതന വ്യവസ്ഥകൾ പരിഷ്ക്കരിക്കുക തുടങ്ങിയ ആവശ്യങ്ങൾ അംഗീകര ക്കണമെന്ന് ആവശ്യപ്പെട്ട് 7-7-2010 മുതൽ ആൾട്ടർനേറ്റ് സ്കൂൾ

അദ്ധ്യാപകർ സെക്രട്ടേറിയറ്റ് നടയിൽ നടത്തിവരുന്ന നിരാഹാര സമരം അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി) : കേന്ദ്രാവിഷ്ക്കൃത പദ്ധതി പ്രകാരം ഒന്നാം ക്ളാസ് മുതൽ നാലാം ക്ളാസ്സുവരെയുള്ള കുട്ടികളെ ഒരുമിച്ചിരുത്തി ഒരു അദ്ധ്യാപകൻ വോളന്റിയർ എന്ന നിലയിൽ പഠിപ്പിക്കുന്ന ഒരു സമ്പ്രദായമാണിത്. കേന്ദ്രഗവൺമെന്റ് റൈറ്റ് ടു എഡ്യൂക്കേഷൻ ആക്ട് പാസ്സാക്കിയ സാഹചര്യത്തിൽ ജൂൺ 30-ാം തീയതിയോടുകൂടി ഈ പ്രവർത്തനങ്ങൾ അവസാനിപ്പിച്ചുകൊണ്ടുള്ള തീരുമാനമെടുക്കുകയും തുടർന്ന് യാതൊരു നിർദ്ദേശവും നൽകാത്തതി നാൽ ഈ അദ്ധ്യാപകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റും അനുകമ്പയോടുകൂടി ഈ പ്രശ്നം പരിഗണിക്കുന്നതാണ്.

(10) സ്വകാര്യ കാഷ്യു ഫാക്ടറികൾ ഏറ്റെടുക്കാൻ നടപടി

ശ്രീ. ബി. രാഘവൻ : എഴുകോൺ നെടുവത്തൂർ മേഖലയിൽ കാഷ്യു ഡെവലപ്മെന്റ് കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന രണ്ട് ഫാക്ടറികൾ സ്വകാര്യ വ്യക്തികൾക്ക് വിട്ടുകൊടുത്തത് വീണ്ടും കാഷ്യു കോർപ്പറേഷന്റെ പരിധിയിൽ കൊണ്ടുവരാനാവശ്യമായ നടപടി സ്വീകരിക്കണം.

എക്സൈസും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ) : കാഷ്യു ഡെവലപ്മെന്റ് കോർപ്പറേഷൻ നടത്തിക്കൊണ്ടിരുന്നതും 2002-ലെ കോടതിവിധി പ്രകാരം ഉടമസ്ഥർക്ക് വിട്ടുകൊടുക്കാൻ നിർബന്ധിതമായതു മായ ഈ ഫാക്ടറികൾ ഉടമകൾ നടത്താത്ത സാഹചര്യത്തിൽ നിലവിലുള്ള

അക്വിസിഷൻ ആക്ട് അനുസരിച്ച് ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കുകയും നിയമവകുപ്പിന്റെ അംഗീകാരത്തിനായി കൊടുത്തിരിക്കുകയുമാണ്. പരിശോധനയ്ക്ക് വിധേയമാക്കിയതിനുശേഷം ഫിനാൻസ് ഡിപ്പാർട്ടുമെന്റിന് അയച്ച് അംഗീകാരം ലഭിച്ചുകഴിഞ്ഞശേഷം അക്വിസിഷൻ നടപടികൾ പൂർത്തിയാക്കുന്നതാണ്.

(11) <u>പൈനാവ് ടൗൺഷിപ്പ്</u>

<u>ശ്രീ. റോഷി അഗസ്റ്റിൻ</u> : ഇടുക്കി ഡെവലപ്മെന്റ് അതോറിറ്റി നിലവിൽ വന്നതോടുകൂടി ഇടുക്കിജില്ലയുടെ ആസ്ഥാനമായ പൈനാവിനെ അർബൺ മേഖലയായി പരിഗണിച്ചിരിക്കുന്നതിനാൽ കേന്ദ്രഗവൺമന്റിൽ നിന്നും ലഭിച്ചുകൊണ്ടിരുന്ന ആനുകൂല്യങ്ങൾ ലഭിക്കുന്നില്ലെന്നുമാത്രമല്ല ടൗൺഷിപ്പിന്റെ വികസനം ഉണ്ടായിട്ടുമില്ല. അതിനാൽ ജനങ്ങൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി <u>(ശ്രീ. പാലോളി മുഹമ്മദ്കുട്ടി)</u> : ജില്ലാ ആസ്ഥാനമെന്നുള്ള നിലയ്ക്ക് പൈനാവിനെ ടൗൺ വിഭാഗത്തിൽപ്പെടുത്തിയതുകൊണ്ടായിരിക്കാം ഇത്തരത്തിൽ ടെലിഫോൺ ചാർജ്ജ് ഈടാക്കിവരുന്നത്. ടെലിഫോൺ ചാർജ്ജ് നിശ്ചയിക്കുന്നത് കേന്ദ്രഗവൺമെന്റ് ആയതിനാൽ ഇക്കാര്യത്തിൽ സംസ്ഥാന ഗവൺമെന്റിന് എന്തെങ്കിലും ചെയ്യാൻ കഴിയുമോയെന്നുള്ള കാര്യം പരിശോധിക്കുന്നതാണ്.

## അനൗദ്യോഗികാംഗങ്ങളുടെ കാര്യം

(1) <u>അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഇരുപത്തിയഞ്ചാമത് റിപ്പോർട്ട് പരിഗണന</u>

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഇരുപത്തിയഞ്ചാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

## (2) സാമാന്യമായി പൊതുതാല്പര്യമുള്ള സംഗതികൾ സംബന്ധിച്ച പ്രമേയങ്ങൾ

### (i) വിമാനകമ്പനികളുടെ ചൂഷണം

ശ്രീ. ടി.എൻ. പ്രതാപൻ: "നമ്മുടെ രാജ്യത്തിന്റെ പ്രത്യേകിച്ച് സംസ്ഥാനത്തിന്റെ, സമ്പദ്ഘടനയിൽ പ്രധാന പങ്ക് വഹിക്കുന്നവരാണ് വിദേശത്ത് ജോലി ചെയ്യുന്ന കേരളീയർ. ഗൾഫ്രാജ്യങ്ങളിലുള്ള പതിനായിരങ്ങളുടെ കഠിനാദ്ധ്വാനത്തിന്റെ ഫലമാണ് ഇന്ന് കേരളത്തിൽ കാണുന്ന പുരോഗതിയുടെ മുഖ്യപങ്കും. ഈ സഹോദരങ്ങൾ അവധിസമയങ്ങളിൽ നാട്ടിലേയ്ക്ക് വരുന്നതിനുവേണ്ടി ആശ്രയിക്കുന്ന വിമാനസർവ്വീസുകൾ അവരെ ചൂഷണം ചെയ്യുകയാണ്. എയർ ഇന്ത്യ ഉൾപ്പെടെയുള്ള വിമാനസർവ്വീസുകൾ അമിതമായ നിരക്കുകൾ ഈടാക്കുന്നുവെന്ന് മാത്രമല്ല മുൻ നിശ്ചയപ്രകാരം പുറപ്പെടാതെ, തത്സമയം വിവിധ കാരണങ്ങളാൽ സർവ്വീസ് ഉപേക്ഷിച്ചും അവശ്യ സൗകര്യങ്ങൾ നൽകാതെയുമെല്ലാം ഗൾഫ്മലയാളികളെ പീഡിപ്പിക്കുകയാണ്. ഗൾഫ് മലയാളികളോട് എയർ ഇന്ത്യ ഉൾപ്പെടെ കാണിക്കുന്ന ഈ ക്രൂരതയ്ക്കെതിരെ ഈ സഭ പ്രതിഷേധിക്കുന്നു. ഒപ്പം, കൂടുതൽ വിമാന സർവ്വീസുകൾ കേരളത്തിലെ നെടുമ്പാശ്ശേരി, തിരുവനന്തപുരം, കരിപ്പൂർ വിമാനത്താവളങ്ങളിൽ നിന്നും ആരംഭിക്കണമെന്നും, അമിതമായ വിമാന യാത്രാ നിരക്ക് കുറയ്ക്കണമെന്നും അവശ്യസൗകര്യങ്ങൾ വർദ്ധിപ്പിക്കണമെന്നും കേന്ദ്ര സർക്കാരിനോടും വിവിധ വിമാനകമ്പനികളോടും കേരള നിയമസഭ ആവശ്യപ്പെടുന്നു" എന്ന പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. വർക്കല കഹാർ : പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. ടി.എൻ. പ്രതാപൻ: നാടിന്റെ സമ്പദ്ഘടനയുടെ നട്ടെല്ലായി വർത്തിക്കുന്നവരാണ് പ്രവാസികൾ എന്നതുകൊണ്ടുതന്നെ ദേശീയ വിമാന

കമ്പനികളുടെ നിലനിൽപ്പും പ്രവാസികളെ ആശ്രയിച്ചാണിരിക്കുന്നത്. ഏറ്റവുമധികം വരുമാനം ഉറപ്പാക്കുന്ന ഈ മേഖലയോട് പല വിമാന കമ്പനികളും തികഞ്ഞ അവഗണനയാണ് കാണിക്കുന്നത്. ടിക്കറ്റ്നിരക്കിലെ ചൂഷണം, സ്ഥിരമായി വൈകിപ്പിക്കൽ, ദിവസങ്ങളോളം മുടക്കിപ്പിക്കൽ എന്നീ നടപടികളിലൂടെ പ്രവാസികളെ വളരെ ബുദ്ധിമുട്ടിക്കുകയാണ്. 30 ലക്ഷത്തോളം മലയാളികളാണ് ഗൾഫ്രാജ്യങ്ങളിൽ ഉൾപ്പെടെ ജോലി ചെയ്യുന്നത്. 85,000 കോടി രൂപയാണ് ഒരു വർഷം വിദേ മലയാളികൾ പൊതു ഖജനാവിലേയ്ക്ക് സംഭാവന ചെയ്യുന്നത്. വിമാനകമ്പനികളുടെ അവഗണന മൂലം അത്യാവശ്യകാര്യങ്ങൾക്കുപോലും സ്വന്തം നാട്ടിൽ എത്താൻ കഴിയാത്ത ദുരവസ്ഥയിലാണ് ഇവർ. വിസയുടെ കാലാവധി കഴിയും മുൻപ് എത്തേണ്ടവരും സംസ്ഥാനത്ത് എത്തുന്ന വിദേശികളും വിമാനകമ്പനികളുടെ ഉത്തരവാദിത്വമില്ലായ്മ കാരണം ദുരന്തത്തിലാകുന്നു. എയർ ഇന്ത്യയും ഇന്ത്യൻ എയർലൈൻസും രേഖകൾ പ്രകാരം ലയിച്ചെങ്കിലും അതിന്റെ ഗുണഫലം ജനങ്ങൾക്ക് ലഭിക്കുന്നില്ല. കേരളത്തിൽ പൂർണ്ണമായും ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ ചിലയിടത്തും സർവ്വീസ് നടത്തുന്ന എ 320 വിമാനങ്ങൾ പഴക്കത്തിൽ മുന്നിലും യാത്രക്കാരെ ഉൾക്കൊള്ളാനുള്ള ശേഷിയുടേയും സൗകര്യങ്ങളുടേയും കാര്യത്തിൽ പിന്നിലുമാണ്. പലപ്പോഴും വിമാനങ്ങളുടെ കാലപ്പഴക്കം തകരാറുകൾക്ക് കാരണമാകുന്നു. ഡൽഹിയിലേയ്ക്കും മുംബൈയിലേയ്ക്കുമുള്ള ആഭ്യന്തര വിമാനസർവ്വീസുകൾ സൗകര്യങ്ങളിലും ശേഷിയിലുമെല്ലാം മുന്നിലായ എ 321 വിമാനങ്ങളാണ്. കേരളത്തിൽ സർവ്വീസ് നടത്തുന്ന വിമാനങ്ങൾക്ക് സാങ്കേതികതകരാറോ മറ്റോ ഉണ്ടായാൽ യുദ്ധകാലാടിസ്ഥാനത്തിൽ ബദൽ സംവിധാനം കണ്ടെത്തുന്ന

തിലും യാത്രക്കാർക്ക് ഭക്ഷണ-താമസസൗകര്യങ്ങൾ ഉറപ്പാക്കുന്നതിലും വീഴ്ച വരുത്തുന്നു. ഇതിനോട് ഒരു കാരണവശാലും നമുക്ക് യോജിക്കാനാകില്ല. എയർ ഇന്ത്യ എക്സ്പ്രസ്സിൽ യാത്ര ചെയ്യുന്നവരിൽ അധികവും സാധാരണക്കാരായ തൊഴിലാളികളാണ്. എയർ ഇന്ത്യ എക്സപ്രസ്സ് ആരംഭിച്ച സമയത്ത് സാധാരണക്കാരായ ആളുകൾക്ക് വളരെ സഹായകരമായ നിലപാടാണ് സ്വീകരിച്ചിരുന്നതെങ്കിൽ ക്രമേണ ടിക്കറ്റ്നിരക്കിലും മറ്റുമൊക്കെ അശാസ്ത്രീയത കൊണ്ടുവന്നു. ടിക്കറ്റ്നിരക്ക് നിശ്ചയിക്കുന്ന കാര്യത്തിൽ ഒരു സ്ഥിരസംവിധാനം കൊണ്ടുവരണം. വിമാനകമ്പനികളുടെ ഏകപക്ഷീയമായ നിലപാടുകളിൽ മാറ്റം വരുത്തുകയും പ്രവാസികളോട് കാണിക്കുന്ന ചൂഷണം അവസാനിപ്പിച്ച് അവരോട് സഹാനുഭൂതിയോടുകൂടിയുള്ള സമീപനം സ്വീകരിക്കുകയും വേണം. പഞ്ചനക്ഷത്ര ഹോട്ടലുകൾക്ക് സമാനമായ വിമാനങ്ങളിൽ യാത്ര ചെയ്യുന്നത് സംസ്ഥാനത്തെ ഒരു ശതമാനം ഗൾഫ് മലയാളികൾ മാത്രമാണ്. എയർ ഇന്ത്യ ഉൾപ്പെടെയുള്ള വിമാന കമ്പനികൾ ഗൾഫ് മലയാളികളിൽനിന്നു മാത്രം അധികചാർജ് ഈടാക്കുകയും സാധാരണക്കാരായ യാത്രക്കാരെ പീഡിപ്പിക്കുകയും ചെയ്യുന്നു. ഇത്തരം ചൂഷണം അവസാനിപ്പിക്കാൻ സംസ്ഥാനസർക്കാർ മുൻകയ്യെടുക്കണം. തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള ടെർമിനൽ ഉൽഘാടനം നടത്താൻ പോവുകയാണ്. അവിടെ ഏർപ്പെടുത്താൻ തീരുമാനിച്ച യൂസേഴ്സ് ഫീ നിർബന്ധമായും പിൻവലിക്കണം. സ്വകാര്യ/പൊതുമേഖലാ വിമാനത്താവളങ്ങളെ ഒരുപോലെ കാണുന്ന സമീപനം അവസാനിപ്പിക്കണം. ഒരേ ദൈർഘ്യമുള്ള സ്ഥലങ്ങളിലേയ്ക്ക് മറ്റ് വിമാനസർവ്വീസുകൾ ഈടാക്കുന്നതിനേക്കാൾ എയർ ഇന്ത്യ ഈടാക്കുന്ന ചാർജ് വ്യത്യസ്തമാണ്. സൗദി അറേബ്യ, യു.എ.ഇ., കുവൈറ്റ്, ഒമാൻ, ഖത്തർ, ബഹ്റിൻ എന്നിവിടങ്ങളിൽ

വിയർപ്പൊഴുക്കി ജോലിചെയ്യുന്ന ലക്ഷക്കണക്കിന് മലയാളികളുടെ കണ്ണീരും ദുരിതവും കണ്ടില്ലെന്ന് നടിക്കരുത്. ഇക്കാര്യത്തിൽ രാഷ്ട്രീയത്തിനതീതമായി കേരളത്തിന്റെ വികാരം പ്രകടമാക്കണം. അവകാശങ്ങൾ ചോദിച്ചു വാങ്ങുന്നതിന് കൂട്ടായ ശ്രമം നടത്തണം. സംസ്ഥാന ഗവൺമെന്റ് കേന്ദ്രത്തിൽ ശക്തിയായി സമ്മർദ്ദം ചെലുത്തി ഗൾഫ്മലയാളികളുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കണം.

ശ്രീ. വർക്കല കഹാർ: പ്രമേയത്തെ പിന്താങ്ങുന്നു. കേരളത്തിന്റെ പുരോഗതിക്കും വളർച്ചയ്ക്കും ഏറ്റവും കൂടുതൽ സംഭാവന നൽകിയിട്ടുള്ളത് ഗൾഫ് മലയാളികളാണ്. പട്ടിണിയും പരിവട്ടവുമായി കഴിഞ്ഞിരുന്ന പല കുടുംബങ്ങളും ഇന്ന് രക്ഷപ്പെട്ടുപോകുന്നത് ഇത്തരക്കാരുടെ കഠിനാധ്വാനത്തിന്റെ ഫലമായാണ്. ചാവക്കാട് കഴിഞ്ഞാൽ ഏറ്റവും കൂടുതൽ ഗൾഫ് മലയാളികൾ താമസിക്കുന്നത് വർക്കലയിലാണ്. രാജ്യത്തെയാകെ വിറപ്പിക്കുന്ന നക്സൽ/മാവോയിസ്റ്റ് ഭീഷണി ഈ സംസ്ഥാനത്ത് ഇല്ലാത്തതിന്റെ കാരണം കേരളത്തിലെ ലക്ഷക്കണക്കിന് വരുന്ന യുവജനങ്ങൾ ഗൾഫിൽ ജോലിചെയ്യുന്നതുകൊണ്ടാണ്. വോട്ടർ പട്ടികയിൽ പേരില്ലാത്ത ഗൾഫ് മലയാളികളുടെ പ്രശ്നം പരിഹരിക്കപ്പെടാൻ പോകുന്നു എന്നറിയുന്നത് ആശ്വാസകരമാണ്. റേഷൻകാർഡിലും അവരുടെ പേരു ചേർക്കാൻ നടപടി സ്വീകരിക്കണം. സംസ്ഥാനത്തിനകത്തു തന്നെയുള്ള വിവിധ എയർപോർട്ടുകളിൽ നിന്നും വ്യത്യസ്തമായി തിരുവനന്തപുരം വിമാനത്താവളത്തിൽ മാത്രം യാത്രക്കാരിൽ നിന്ന് യൂസേഴ്സ് ഫീ ഈടാക്കുന്ന നടപടി അപലപനീയമാണ്. പലപ്പോഴും ഫ്ളൈറ്റുകളുടെ സർവീസ് ക്യാൻസൽ ചെയ്യുന്ന അവസരങ്ങളിൽ പകരം സംവിധാനം ഏർപ്പെടുത്താത്തതിനാൽ യാത്രക്കാർ വളരെയധികം ബുദ്ധിമുട്ടുന്ന സാഹചര്യം നിലനിൽക്കുകയാണ്.

യാത്ര ഒഴിച്ചുകൂടാനാവാത്ത ഫെസ്റ്റിവൽ വേളകളിലും അവധിക്കാലങ്ങളിലുമാണ് എയർ ഇൻഡ്യ ചാർജ്ജ് വർദ്ധന നടപ്പാക്കുന്നത്. യൂസേഴ്സ് ഫീ പിൻവലിക്കുന്ന കാര്യത്തിലും വിമാന ചാർജ്ജ് വർദ്ധനവ് ഇല്ലാതാക്കുന്ന കാര്യത്തിലും ഗൾഫ് മലയാളികളോട് അനുഭാവപൂർവ്വമായ നിലപാട് സ്വീകരിക്കാൻ കേന്ദ്രഗവൺമെന്റിലും എയർ ഇൻഡ്യയിലും സമ്മർദ്ദം ചെലുത്തണം.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: പ്രമേയത്തെ അനുകൂലിക്കുന്നു. ഗൾഫ് രാജ്യങ്ങളിൽ പോയി ജോലിചെയ്യുന്ന മുപ്പത് ലക്ഷത്തിലധികം വരുന്ന മലയാളികൾ വർഷങ്ങളായി വഞ്ചിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. സംസ്ഥാനത്തെ സമ്പദ്ഘടനയെ നിലനിറുത്തുന്നതിൽ പ്രധാന പങ്കുവഹിക്കുന്ന ഗൾഫ് മലയാളികളികളിൽ നിന്ന് കൂടുതൽ ചാർജ്ജ് ഈടാക്കിക്കൊണ്ട് എയർ ഇൻഡ്യയും കേന്ദ്ര സർക്കാരും അവരോട് കാണിക്കുന്ന വിവേചനം നീതീകരിക്കാനാവാത്തതാണ്. ടിക്കറ്റ് നിരക്കിലെ വ്യത്യാസത്തിലെന്ന പോലെ സാധാരണക്കാരായ യാത്രക്കാരോടുള്ള പെരുമാറ്റത്തിലെ വിവേചനവും അംഗീകരിക്കാനാവാത്തതാണ്. ഈ പ്രശ്നം സഭയുടെയും സംസ്ഥാനത്തിന്റെയും വികാരമായി കേന്ദ്രസർക്കാരിനുമുമ്പിൽ ഉന്നയിക്കണം. ഗൾഫിൽ ജോലിചെയ്യുന്ന വളരെ ചുരുങ്ങിയ വരുമാനമുള്ളവർക്ക് കുറഞ്ഞ നിരക്കിൽ യാത്ര ചെയ്യാനായി മുമ്പ് നിലവിലുണ്ടായിരുന്ന കപ്പൽ സർവ്വീസ് പുനരാരംഭിക്കണം. എയർ ഇൻഡ്യ വിമാനങ്ങളിലെ അധിക സർച്ചാർജ് പിൻവലിക്കണം. ഗൾഫ്രാജ്യങ്ങളിലെ തൊഴിൽനിയമവും രീതികളും വച്ചുകൊണ്ട് ഗൾഫ് മലയാളികൾക്ക് മുൻകൂട്ടി അവധി അറിയുന്നതിനും അതനുസരിച്ച് ടിക്കറ്റെടുക്കുന്നതിനുള്ള സാഹചര്യവും ഇൻഡ്യൻ എംബസ്സിവഴി ടിക്കറ്റ് ലഭ്യമാക്കാനാവശ്യമായ നടപടിയും സ്വീകരിക്കണം.

യാതൊരു മുന്നറിയിപ്പുമില്ലാതെ ഫ്ളൈറ്റ് ക്യാൻസൽ ചെയ്യുമ്പോൾ ജോലിപോലും നഷ്ടപ്പെടുന്ന സാഹചര്യമാണ് ഗൾഫ് യാത്രക്കാർക്കുണ്ടാകുന്നത്. അടിയന്തിരസാഹചര്യങ്ങളിൽ യന്ത്രത്തകരാർമൂലം ഫ്ളൈറ്റ് ക്യാൻസൽ ചെയ്താൽ പകരം യാത്രാസംവിധാനം ഒരുക്കാൻ നടപടി സ്വീകരിക്കണം. യാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കാനായി ഏറ്റവും ആധുനിക സംവിധാനമുള്ള വിമാനങ്ങൾ ഉപയോഗിക്കണം. എയർ ഇന്ത്യയ്ക്ക് ഗൾഫ് മലയാളി യാത്രക്കാരോടുള്ള മനോഭാവത്തിൽ മാറ്റമുണ്ടാകണം. ലഗേജുകൾ ഔട്ട്സോഴ്സ് ചെയ്യുന്നത് നിറുത്തലാക്കണം. യുസേഴ്സ് ഫീ പിൻവലിക്കണം.

<u>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി</u> : പ്രമേയത്തെ അനുകൂലിക്കുന്നു. കേരളത്തിന്റെ സമ്പദ്ഘടനയെ പരിപോഷിപ്പിക്കുന്ന വിധത്തിൽ വിദേശ നാണ്യം നേടിത്തരുന്നത് പ്രവാസി മലയാളികളാണ്. ആഭ്യന്തര വിമാന സർവ്വീസുകളും അന്തർദ്ദേശീയ വിമാനയാത്രയുമൊക്കെ ശക്തിപ്പെട്ടുകൊണ്ടിരിക്കുന്ന ഇക്കാലത്ത് വിമാനസർവ്വീസുമായി ബന്ധപ്പെട്ട ചർച്ചയ്ക്ക് വളരെയേറെ പ്രസക്തിയുണ്ട്. എയർ ഇന്ത്യയും മറ്റ് വിമാനക്കമ്പനികളും യാത്രാക്കൂലി ഇനത്തിൽ വരുത്തിയ വർദ്ധനവ്, വിമാന സർവ്വീസ് റദ്ദാക്കൽ, ലഗേജുകൾ കിട്ടാനുള്ള കാലതാമസം തുടങ്ങി ഒട്ടനവധി പ്രശ്നങ്ങൾ ഈ മേഖലയിൽ കാണാൻ സാധിക്കും. ഇൻഡ്യയിലെ 127 എയർപോർട്ടുകളിലും ആവശ്യത്തിന് യാത്രക്കാരെ കിട്ടുന്ന സ്ഥിതിവിശേഷമുണ്ടെങ്കിലും അതിനാവശ്യത്തിനുള്ള യാത്രാസൗകര്യങ്ങളില്ല. ഇതിൽ ഒരു ഡസൻ എയർപോർട്ടുകൾ മാത്രമാണ് ലാഭത്തിൽ പ്രവർത്തിക്കുന്നത്. വിമാനത്താവളങ്ങൾ അന്താരാഷ്ട്ര നിലവാരമുള്ള റാങ്കിംഗിൽ വന്നാൽ മാത്രമേ

ഇന്നത്തെ പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കുകയുള്ളൂ. ഈ പശ്ചാത്തല ത്തിലാണ് കേന്ദ്രഗവൺമെന്റ് വിമാനത്താവളങ്ങൾ ആധുനികവൽക്കരിക്കുക എന്ന ആശയവുമായി മുന്നോട്ടുവന്നത്. പൊതു-സ്വകാര്യമേഖലകളുടെ സംയുക്ത പങ്കാളിത്തത്തോടുകൂടി മാത്രമേ ഈ മേഖലയിൽ ശക്തമായ മാറ്റ മുണ്ടാക്കാൻ സാധിക്കുകയുള്ളൂ. എയർ ഇന്ത്യ സർവ്വീസുകൾ റദ്ദാക്കുന്നതു കൊണ്ടുണ്ടാകുന്ന പ്രശ്നങ്ങൾ വളരെ സങ്കീർണ്ണമാണ്. എയർ ഇന്ത്യയും ഇൻഡ്യൻ എയർലൈൻസും തമ്മിൽ മെർജ് ചെയ്തപ്പോൾ പ്രായോഗികമാ ക്കാൻ പറ്റാത്ത ഭരണപരമായ പല പ്രശ്നങ്ങളുമുണ്ടായിട്ടുണ്ട്. ഇത്തരം വിഷയങ്ങൾ പ്രമേയങ്ങളിലൂടെ അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തണം. എയർപോർട്ട് ഇക്കണോമിക്ക് റെഗുലേറ്ററി അതോറിറ്റിയെ സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായം യഥാസമയം അറിയിക്കാത്തതുകൊണ്ടാണ് തിരുവനന്തപുരം വിമാനത്താവളത്തിൽ യൂസേഴ്സ് ഫീ ഏർപ്പെടുത്തേണ്ട സാഹചര്യമുണ്ടായത് എന്നാണറിയുന്നത്. ഇപ്പോൾ കേന്ദ്രഗവൺമെന്റിൽ സംസ്ഥാനത്തിന് അനുകൂലമായ ഒരു സ്ഥിതിയാണുള്ളത്. യൂസേഴ്സ് ഫീ പിൻവലിക്കണമെന്ന സഭയുടെ പൊതുവികാരത്തോട് യോജിക്കുന്നു.

<u>ശ്രീ. വി.എസ്. സുനിൽ കുമാർ</u>: കേരളത്തിന്റെ സമ്പദ്ഘടനയെ വളർത്തിക്കൊണ്ടുവരുന്നതിൽ മുഖ്യമായ പങ്ക് വഹിക്കുന്ന വിദേശമലയാളി കൾക്കാവശ്യമായ കാര്യങ്ങൾ സംസ്ഥാന ഗവൺമെന്റ് ചെയ്യുന്നുണ്ടെങ്കിലും കേന്ദ്ര ഗവൺമെന്റ് അതിൽ വീഴ്ച വരുത്തുന്നുണ്ട്. ഇത് തിരുത്തപ്പെടേണ്ട താണ്. വിമാനത്തിൽ ഇക്കണോമി ക്ലാസ്സിൽ യാത്ര ചെയ്യുന്നവർക്ക് കേന്ദ്ര ഗവൺമെന്റ് സർച്ചാർജ്ജ് ഏർപ്പെടുത്തിയിരിക്കുന്നത് പിൻവലിക്കണമെന്ന അഭിപ്രായംകൂടി പ്രമേയത്തിൽ ഉൾപ്പെടുത്തണം. എയർ ഇൻഡ്യയുൾപ്പെ യുള്ള വിമാന കമ്പനികൾ ഗൾഫ്മലയാളികളെ ചൂഷണം ചെയ്യുകയാണ്.

വിമാനയാത്രാ നിരക്കുകൾ എല്ലാ സംസ്ഥാനങ്ങളിലും ഏകീകരിച്ച് ഈടാക്കാനുള്ള നടപടി സ്വീകരിക്കണം.

ശ്രീ. കെ. ടി. ജലീൽ: പ്രമേയത്തെ പിന്താങ്ങുന്നു. ഗൾഫ് നാടുകളിൽ ജോലിചെയ്യുന്ന 35 ലക്ഷത്തോളം വരുന്ന ഇൻഡ്യക്കാരിൽ 22 ലക്ഷം പേരും മലയാളികളാണ്. സംസ്ഥാനസർക്കാർ പ്രവാസി മലയാളികൾക്കായി ഐ.ഡി. കാർഡ് ഏർപ്പെടുത്തുകയും സ്വദേശത്തോ വിദേശത്തോവച്ച് അപകടമരണം സംഭവിക്കുന്ന പ്രവാസി മലയാളിയുടെ കുടുംബത്തിന് ഒരു ലക്ഷം രൂപ വരെയുള്ള സാമ്പത്തിക സഹായം അനുവദിക്കുകയും ചെയ്തു. ആദ്യമായി പ്രവാസികൾക്കായി ഒരു ക്ഷേമനിധി ഏർപ്പെടുത്തുകയും സാന്ത്വന പദ്ധതി അനുസരിച്ച് വിദേശത്തുനിന്ന് തിരിച്ചുവന്നവർക്ക് സാമ്പത്തികസഹായം നൽകാൻ തീരുമാനിച്ചതും ഈ സർക്കാരാണ്. 2009 സാമ്പത്തികവർഷം പ്രവാസി മലയാളികൾ 37,000 കോടി രൂപയുടെ നിക്ഷേപമാണ് നടത്തിയത്. ഇത്രയും തുക ഒരു വർഷം സംസ്ഥാനത്തിലേയ്ക്ക് സംഭാവന ചെയ്യുന്ന പ്രവാസികളിൽ നിന്നും അമിതമായ വിമാനക്കൂലിയാണ് ഈടാക്കുന്നത്. കൂടാതെ റിക്രൂട്ടിംഗ് ഏജൻസികൾ നടത്തുന്ന ചൂഷണത്തിനും അവർ ഇരയാകുന്നു. വിദേശത്തെ ജയിലുകളിൽ കഴിയുന്ന മലയാളികളടക്കമുള്ള ഇൻഡ്യക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ അതിദാരുണമാണ്. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാർ ശക്തമായ ഇടപെടലുകൾ നടത്തേണ്ടത് അനിവാര്യമാണ്.

ശ്രീ. സി. ടി. അഹമ്മദ് അലി: പ്രമേയത്തെ പിന്താങ്ങുന്നു. പ്രവാസി മലയാളികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ സഭ ഒറ്റക്കെട്ടായി ചർച്ച ചെയ്യുകയും കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്യണം.

നമ്മുടെ സമ്പദ്ഘടനയിൽ ഏറ്റവും കൂടുതൽ വിദേശനാണ്യം നേടിത്തരുന്ന പ്രവാസി മലയാളികൾ ഇന്ന് പീഡിപ്പിക്കപ്പെടുകയാണ്. വിദേശത്തുനിന്ന് കേരളത്തിലേയ്ക്കുള്ള വിമാനചാർജ് വളരെ കൂടുതലാണ്. അമിത വിമാനക്കൂലി കുറയ്ക്കുന്നതിനും യൂസേഴ്സ് ഫീ ഒഴിവാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം. തത്സമയം വിവിധ കാരണങ്ങളാൽ വിമാന സർവ്വീസ് റദ്ദ് ചെയ്താൽ ബദൽ സംവിധാനം ഏർപ്പെടുത്തണം. വിദേശത്തെ ജയിലുകളിൽ കഴിയുന്ന മലയാളികളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ അടിയന്തിരമായി യോഗം വിളിച്ചുകൂട്ടണം. പ്രവാസി മലയാളികളുടെ പ്രശ്നങ്ങൾ കേന്ദ്ര സർക്കാരിനേയും ബന്ധപ്പെട്ടവരേയും ബോദ്ധ്യപ്പെടുത്തുന്നതിന് ഒരു പ്രത്യേക നിവേദകസംഘത്തെ ഡെൽഹി യിലേയ്ക്ക് അയയ്ക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എം. എ. ബേബി</u>): പ്രമേയത്തിന്റെ ഉള്ളടക്കത്തോട് സർക്കാർ പൂർണ്ണമായി യോജിക്കുകയാണ്. ഈ പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കണം. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നക്സലിസം ഉൾപ്പെടെ യുള്ള തീവ്രവാദപ്രവർത്തനങ്ങൾ വളർന്നുവരുന്നതിന് ഏറ്റവും പ്രധാനപ്പെട്ട കാരണം കേന്ദ്രത്തിൽ അധികാരത്തിൽ വന്ന സർക്കാരുകൾ പിന്തുടർന്നു വരുന്ന തെറ്റായ സാമ്പത്തിക വികസനനയമാണ്. കേരളത്തിൽ നിന്നുള്ള മലയാളികൾക്ക് ഗൾഫ്രാജ്യങ്ങളിലും മറുനാടുകളിലും തൊഴിൽ നേടാൻ കഴിഞ്ഞത് അവർക്ക് സംസ്ഥാനത്തുനിന്ന് നേടാൻ കഴിഞ്ഞ വിദ്യാഭ്യാസത്തിന്റെയും തൊഴിൽനൈപുണ്യങ്ങളുടേയും ഫലമായിട്ടാണ്. വിദേശരാജ്യങ്ങളിൽ ജോലി ചെയ്യുന്ന പ്രാഥമിക വിദ്യാഭ്യാസംപോലു മില്ലാത്തവർക്ക് എംബസിയുടെ പിന്തുണയോടും സഹായത്തോടുംകൂടി

ലേബർക്യാമ്പുകളിൽ അനൗപചാരിക വിദ്യാഭ്യാസം നടത്താൻ കഴിയുമോയെന്നുള്ളകാര്യം വിദ്യാഭ്യാസവകുപ്പും തുടർ വിദ്യാഭ്യാസവകുപ്പും പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. കേരളത്തിൽനിന്ന് ഗൾഫ്മേഖലയിലേയ്ക്ക് സർവ്വീസ് നടത്തിവരുന്ന വിവിധ വിമാനകമ്പനികൾ അവധിക്കാലത്ത് യാത്രാനിരക്കിൽ വൻ വർദ്ധനവ് വരുത്തുന്നത് മുഖ്യമന്ത്രി പല പ്രാവശ്യം നേരിട്ടും കത്തുകൾ മുഖേനയും എം.പി.-മാർ മുഖാന്തിരവും കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റേയും പ്രധാനമന്ത്രിയുടേയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെകൂടി ശ്രമഫലമായി എയർ ഇന്ത്യ ആരംഭിച്ചിട്ടുള്ള എയർ ഇന്ത്യ എക്സ്പ്രസ് നടത്തുന്ന സർവ്വീസിൽ മറ്റ് എയർലൈൻസുകളെ അപേക്ഷിച്ച് കുറഞ്ഞ നിരക്കുകളാണ് ഏർപ്പെടുത്തിയിട്ടുള്ളത്. വിമാനക്കമ്പനികൾ അടിക്കടി യാത്രാനിരക്കിൽ വരുത്തുന്ന വർദ്ധനവ് ഗൾഫ്മേഖലയിലെ താഴ്ന്ന വരുമാനക്കാരുടെ നാട്ടിലേയ്ക്കുള്ള യാത്രയെ പ്രതികൂലമായി ബാധിക്കുന്ന സ്ഥിതി ഒഴിവാക്കാൻ സർക്കാർ വിവിധ വിമാനക്കമ്പനികളുടെ യോഗം വിളിച്ചുകൂട്ടിയിരുന്നു. വീണ്ടും അത്തരം യോഗം വിളിച്ചുകൂട്ടുന്നതിനും ഈ വിഷയം കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനും ശ്രമങ്ങൾ തുടരുന്നതാണ്. അന്തിമ നിമിഷത്തിൽ സർവ്വീസ് ക്യാൻസൽ ചെയ്യുന്നതിനാൽ നിശ്ചിത തീയതികളിൽ ഗൾഫിൽ തിരിച്ചെത്താൻ കഴിയാതെ പലർക്കും തൊഴിൽ നഷ്ടപ്പെടുന്ന സാഹചര്യമുണ്ടാകുന്നുണ്ട്. അതുകൊണ്ട് അന്തിമനിമിഷം ഫ്ളൈറ്റ് റദ്ദാക്കൽ, റീഷെഡ്യൂളിംഗ്, ഡൈവേർഷൻ പോലുള്ള കാര്യങ്ങൾ ഒഴിവാക്കപ്പെടണമെന്നും വിദേശ മലയാളികൾക്കുൾപ്പെടെയുള്ളവർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന യൂസേഴ്സ് ഫീ ചുമത്തുന്നത് സംസ്ഥാനഗവൺമെന്റിന്റെകൂടി അഭിപ്രായം പരിഗണിച്ചുകൊണ്ടായിരിക്കണമെന്നുള്ള അഭിപ്രായമാണ്

സംസ്ഥാന ഗവൺമെന്റിനുള്ളത്. ഈ പ്രമേയം ഐകകണ്ഠ്യേന അംഗീകരിക്കാവുന്നതാണ്.

ശ്രീ. ടി. എൻ. പ്രതാപൻ അവതരിപ്പിച്ച പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കി.

(ii) പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധിപ്പിക്കാനുള്ള തീരുമാനം

ശ്രീ. ആർ. സെൽവരാജ് : "പെട്രോൾ, ഡീസൽ, മണ്ണെണ്ണ, പാചക വാതകം എന്നിവയുടെ വില വർദ്ധിപ്പിക്കാനും ഗവൺമെന്റിനുള്ള വിലനിർണ്ണയാവകാശം എടുത്തുകളയാനുമുള്ള കേന്ദ്രഗവൺമെന്റിന്റെ തീരുമാനം അത്യന്തം പ്രതിഷേധാർഹമാണ്. വൻതോതിലുള്ള വിലക്കയറ്റംമൂലം ബുദ്ധിമുട്ടുന്ന ജനങ്ങളെ ഈ തീരുമാനം കൂടുതൽ വിഷമത്തിലാക്കും. സ്വകാര്യ എണ്ണ കമ്പനികളുടേയും ഊഹക്കച്ചവടക്കാരുടേയും ചൂഷണത്തിന് ജനങ്ങളെ വിട്ടുകൊടുക്കുന്നതാണ് ഈ തീരുമാനം. ഇതിനെതിരെ രാജ്യത്ത് ഉയർന്നുവരുന്ന ജനകീയ പ്രക്ഷോഭങ്ങളെ അടിച്ചമർത്താനാണ് കേന്ദ്ര ഗവൺമെന്റ് ശ്രമിക്കുന്നത്. പെട്രോളിയം ഉല്പന്നങ്ങളുടെ വില വർദ്ധിപ്പിക്കാനുള്ള തീരുമാനം പിൻവലിക്കണമെന്ന് ഈ സഭ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുന്നു" എന്ന പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. സാജു പോൾ : പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. ആർ. സെൽവരാജ് : പെട്രോളിയം ഉല്പന്നങ്ങളുടെ വില വർദ്ധിപ്പിച്ചതും പെട്രോൾ, ഡീസൽ വില നിയന്ത്രണാവകാശം ഒഴിവാക്കിയതും കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക ഏകാധിപത്യമാണ് എടുത്തുകാണിക്കുന്നത്. യു.പി.എ. സർക്കാരിന്റെ കാലത്തുമാത്രം പെട്രോൾ ലിറ്ററിന് 20 രൂപയും ഡീസലിന് 15 രൂപയും വർദ്ധിപ്പിക്കുകയുണ്ടായി. മണ്ണെണ്ണ, പാചക

വാതകം എന്നിവയുടെ വിലയും ഇപ്പോൾ ഗണ്യമായി വർദ്ധിപ്പിച്ചിരിക്കുകയാണ്. സാധാരണ ജനങ്ങളുടെ താൽപ്പര്യത്തേക്കാൾ കോർപ്പറേറ്റുകളുടെ താൽപ്പര്യം സംരക്ഷിക്കുകയെന്നതാണ് യു.പി.എ. ഗവൺമെന്റിന്റെ ലക്ഷ്യം. നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം രൂക്ഷമാക്കാനാണ് യു.പി.എ. ഗവൺമെന്റിന്റെ തീരുമാനം വഴിതെളിച്ചിട്ടുള്ളത്. കടത്തുകൂലിയും പതിന്മടങ്ങ് വർദ്ധിക്കുന്ന സാഹചര്യമാണുള്ളത്. വിലവർദ്ധനവ് ഏറ്റവും കൂടുതൽ ബാധിക്കുന്നത് ഉപഭോഗ സംസ്ഥാനമായ കേരളത്തെയാണ്. സംസ്ഥാനത്തിന് അനുവദിച്ച ഭക്ഷ്യസാധനങ്ങളുടെ അളവ് കേന്ദ്രഗവൺമെന്റ് വെട്ടിക്കുറച്ചതും വർദ്ധനവുണ്ടാക്കിയിട്ടുണ്ട്. പെട്രോളിയം ഉല്പന്നങ്ങളുടെ വിലവർദ്ധനവിലൂടെ 22,000 കോടി രൂപയുടെ അധികഭാരം ജനങ്ങളുടെമേൽ അടിച്ചേൽപ്പിക്കുകയാണ്. മണ്ണെണ്ണ, പാചവകവാതകം എന്നിവയ്ക്കായി 37,000 കോടി രൂപ സബ്സിഡി അനുവദിക്കുന്നതാണെന്നുള്ള തെറ്റായ പ്രചാരണം മാധ്യമങ്ങളിലൂടെ നടത്തുകയാണ്. പെട്രോൾ, ഡീസൽ വില നിയന്ത്രണാവകാശം എടുത്തുകളഞ്ഞതിന്റെ ഫലമായി ഊഹക്കച്ചവടം വർദ്ധിക്കുകയും അത് വില വർദ്ധനവിന് ആക്കം കൂട്ടുകയും ചെയ്യും. പെട്രോളിയം ഉല്പന്നങ്ങളുടെ വില വർദ്ധിച്ച സാഹചര്യത്തിൽ വിലക്കയറ്റം നിയന്ത്രിക്കാൻ പൊതുവിതരണ രംഗം ശക്തിപ്പെടുത്തികൊണ്ട് നിയന്ത്രിത വിലയ്ക്ക് ഗുണമേൻമയുള്ള അവശ്യസാധനങ്ങൾ വിതരണം ചെയ്യുകയാണ്. ജനദ്രോഹകരമായ നയങ്ങൾ കേന്ദ്ര സർക്കാർ തിരുത്തണമെന്നാണ് ഇടതുപക്ഷജനാധിപത്യമുന്നണിയും മതേതര കക്ഷികളും ആവശ്യപ്പെടുന്നത്.

<u>ശ്രീ. പി. ജയരാജൻ:</u> പ്രമേയത്തെ പിന്താങ്ങുന്നു. രാജ്യത്ത് വിലക്കയറ്റം രൂക്ഷമായിരിക്കുന്ന സാഹചര്യത്തിൽ പെട്രോളിന്റേയും

പെട്രോളിയം ഉൽപ്പന്നങ്ങളുടേയും വില വർദ്ധിപ്പിച്ചത് സംസ്ഥാനത്തെ സാരമായി ബാധിക്കും. വിലവർദ്ധനവ് പൊതുമേഖലാ സ്ഥാപനങ്ങളെ അധിക ബാധ്യതയിലേയ്ക്ക് തള്ളിവിടും. അന്താരാഷ്ട്ര വിപണിയിലെ വിലയനുസരിച്ച് വില നിർണ്ണയിക്കാനുള്ള അധികാരം പെട്രോളിയം കമ്പനി കൾക്ക് കേന്ദ്ര സർക്കാർ നൽകിയിരിക്കുകയാണ്. എല്ലാ നിയന്ത്രണങ്ങളും നീക്കിക്കൊണ്ട് കമ്പോള ശക്തികൾക്ക് ജനങ്ങളെ കൊള്ളയടിക്കാനുള്ള സ്വാതന്ത്ര്യമാണ് നൽകിയിട്ടുള്ളത്. ഇതിനെതിരെ ജനങ്ങൾ സമരത്തിലൂടെ അതിശക്തമായ പ്രതിഷേധം രേഖപ്പെടുത്തിയിട്ടുണ്ട്. അന്താരാഷ്ട്ര വിപണി യിലെ വിലക്കയറ്റം മൂലമാണ് ഈ വില വർദ്ധനവെന്നും ഇൻഡ്യൻ ഓയിൽ കോർപ്പറേഷൻ പോലുള്ള പൊതുമേഖല എണ്ണ കമ്പനികളെ നഷ്ടത്തിൽ നിന്നും കരകയറ്റാനാണെന്നും ലോകവിപണിയിലെ വിലയും ഇൻഡ്യൻ വിപ ണിയിലെ വിലയും തമ്മിലുള്ള വ്യത്യാസത്തെ അടിസ്ഥാനപ്പെടുത്തിയുള്ള വെറും സാങ്കൽപ്പിക നഷ്ടമായ അണ്ടർ റിക്കവറി ഒഴിവാക്കാനാണെന്നും മറ്റു രാജ്യങ്ങളിലും വിലവർദ്ധനവ് ഉണ്ടെന്നും വില വർദ്ധിപ്പിച്ചാലും കേന്ദ്ര സർക്കാരിന് അധികഭാരം വഹിക്കേണ്ടി വരുമെന്നുമുള്ള തെറ്റായ കാര്യങ്ങൾ പ്രചരിപ്പിച്ചുകൊണ്ടാണ് കേന്ദ്ര സർക്കാർ ഈ വില വർദ്ധനവിനെ ന്യായീകരി ക്കുന്നത്. ജനങ്ങളെ ആഗോളവൽക്കരണനയം അടിച്ചേൽപ്പിച്ച് ദ്രോഹിക്കുന്ന ആ നടപടിയിൽ നിന്നും രക്ഷിക്കുന്നതിനുവേണ്ടി ഈ പ്രമേയത്തെ എല്ലാ അംഗങ്ങളും അനുകൂലിക്കണം. ഏകകണ്ഠമായി ഈ പ്രമേയം പാസ്സാക്ക ണം.

<u>ശ്രീ. ബി. ബാബു പ്രസാദ്</u> : പ്രമേയത്തെ എതിർക്കുന്നു. കേന്ദ്ര ഗവൺമെന്റിനെ വിമർശിക്കാൻ വേണ്ടിയാണ് ഇത്തരത്തിലൊരു പ്രമേയം കൊണ്ടുവന്നിട്ടുള്ളത്. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധിച്ചത്

കണക്കിലെടുത്ത് കേരളത്തിൽ ലഭിക്കുന്ന അധികനികുതി വരുമാനം ഒഴിവാക്കി ജനങ്ങൾക്ക് ആശ്വാസം നൽകണം. 2009 ജനുവരി മാസത്തിൽ കേന്ദ്ര ഗവൺമെന്റ് പെട്രോളിന്റേയും ഡീസലിന്റേയും വില 2.08 ശതമാനം കുറച്ചപ്പോൾ സംസ്ഥാനസർക്കാർ അതിനാനുപാതികമായി ടാക്സ് കുറയ്ക്കാതെ വില വർദ്ധിപ്പിക്കുകയാണ് ചെയ്തത്. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഡീസലിന് ഏറ്റവും കൂടുതൽ വിൽപ്പനനികുതി ഈടാക്കുന്ന സംസ്ഥാനം കേരളമാണ്. ഡീസലിന്റേയും പെട്രോളിന്റേയും മണ്ണെണ്ണയുടേയും വിൽപ്പന നികുതിയിനത്തിൽ കിട്ടുന്ന കോടിക്കണക്കിന് രൂപയുടെ അധികവരുമാനം വേണ്ടെന്നുവയ്ക്കാൻ തയ്യാറാകാതെ പ്രമേയം കൊണ്ടുവന്ന് കേന്ദ്രസർക്കാരിനെ വിമർശിക്കുന്നത് ശരിയല്ല.

ശ്രീ. കെ. രാജു : പ്രമേയത്തെ അനുകൂലിക്കുന്നു. കേന്ദ്ര ഗവൺമെന്റ് പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില കൂട്ടിയതിൽ പ്രതിഷേധിച്ച് ആറുവർഷങ്ങൾക്കുശേഷം ആദ്യമായിട്ടാണ് ഭാരതത്തിൽ ഹർത്താൽ ആചരിച്ചത്. കേന്ദ്ര ഗവൺമെന്റ് പെട്രോളിയം ഉൽപ്പന്നങ്ങളുടെമേൽ വരുത്തിയ വിലവർദ്ധനവിനെതിരെയുള്ള പ്രതിഷേധത്തിനായി കൊണ്ടുവന്നിട്ടുള്ള ഈ പ്രമേയം ഐകകണ്ഠ്യേന പാസ്സാക്കുകയാണ് വേണ്ടത്. വിൽപ്പനനികുതിയിനത്തിൽ കിട്ടുന്ന അധികവരുമാനം ഒഴിവാക്കിയാൽ അഖിലേന്ത്യാടിസ്ഥാനത്തിൽ ഉണ്ടായിട്ടുള്ള വിലവർദ്ധനവ് നിയന്ത്രിക്കാൻ സാധിക്കുകയില്ല. ഒരു കൺസ്യൂമർ സ്റ്റേറ്റ് എന്ന നിലയിൽ എല്ലാ നിത്യോപയോഗ സാധനങ്ങളും മറ്റ് സ്റ്റേറ്റുകളിൽ നിന്ന് കൊണ്ടുവരുമ്പോൾ കേരളത്തിൽ നികുതി കുറച്ചതുകൊണ്ടുമാത്രം സാധനങ്ങളുടെ വില കുറയുകയില്ല. അന്താരാഷ്ട്രവിപണിയിൽ എണ്ണവില

ഗണ്യമായി ഉയരുമ്പോൾ ഉപഭോക്താക്കൾക്ക് താങ്ങാവുന്ന വിലയ്ക്ക് അവശ്യസാധനങ്ങൾ വിതരണം ചെയ്യണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് സർക്കാരിനുള്ള വിലനിയന്ത്രണാവകാശം നിലനിർത്തിയിരുന്നത്. വില നിയന്ത്രിക്കാനുള്ള സർക്കാരിന്റെ അവകാശം പൂർണ്ണമായും എടുത്തുകളഞ്ഞതിന്റെ ഫലമായി സ്വകാര്യ കമ്പനിക്കാർ വില വർദ്ധിപ്പിക്കുന്ന സാഹചര്യമാണുള്ളത്. ജനങ്ങളെ ദുരിതത്തിലാഴ്ത്തുന്ന നയമാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്.

ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി : പ്രമേയത്തെ എതിർക്കുന്നു. പെട്രോളിയം വിലവർദ്ധനവിലൂടെ സംസ്ഥാന ഗവൺമെന്റിന് നികുതി ഇനത്തിൽ പ്രതിവർഷം ലഭിക്കുന്ന 1800-ഓളം കോടി രൂപ ഒഴിവാക്കിക്കൊണ്ടുള്ള ഒരു ഭേദഗതി കൊണ്ടുവരാൻ തയ്യാറാകാതെ ഇടതുപക്ഷ പാർട്ടികൾ ഉൾപ്പെടെ ഇവിടെ നടത്തിയ ഭാരതബന്ദ് വെറും പ്രഹസനമാണ്. ക്രൂഡ് ഓയിലിന്റെ വില വർദ്ധനവുമായി ബന്ധപ്പെട്ടാണ് എണ്ണവിലയിലും വർദ്ധനവുണ്ടായിട്ടുള്ളത്.

ശ്രീ. കെ.ടി. ജലീൽ : പ്രമേയത്തെ പിന്താങ്ങുന്നു. മരുന്നുകളുടേയും പെട്രോളിയം ഉല്പന്നങ്ങളുടേയും വില നിശ്ചയിക്കുന്നതിൽ സർക്കാരിന് ഉണ്ടായിരുന്ന നിയന്ത്രണം എടുത്തുകളഞ്ഞതിന്റെ ഫലമായിട്ടാണ് അടിക്കടി വിലവർദ്ധനവ് ഉണ്ടാകുന്നത്. കേന്ദ്ര ഗവൺമെന്റിന്റെ ഈ നടപടി ഇവിടെ നിലനിന്നിരുന്ന ക്ഷേമരാഷ്ട്ര സങ്കൽപ്പത്തിനുതന്നെ ഹാനികരമാണ്. പെട്രോളിയം കമ്പനികൾക്ക് യഥേഷ്ടം വിലകൂട്ടാനുള്ള സ്വാതന്ത്ര്യമാണ് ഇതിലൂടെ ലഭിച്ചിരിക്കുന്നത്.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u> : പ്രമേയത്തെ എതിർക്കുന്നു. ക്രൂഡ് ഓയിലിന് 90 ഡോളർ ആകുമ്പോൾ വിലവർദ്ധനവ് ഉണ്ടാകുമെന്ന് പ്രഖ്യാപിച്ച കേന്ദ്ര ഗവൺമെന്റ് ഏതാണ്ട് 77 ഡോളർ ആയപ്പോൾതന്നെ വില വർദ്ധിപ്പിച്ചിരിക്കുകയാണ്. അതുകൊണ്ടുതന്നെ ഇക്കാര്യത്തിൽ പുന:പരിശോധന നടത്താൻ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുന്നതാണ്. ഈയിനത്തിൽ കിട്ടുന്ന നികുതി വരുമാനം ഒഴിവാക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് തയ്യാറാകണം.

ധനകാര്യ വകുപ്പുമന്ത്രി (<u>ഡോ. തോമസ് ഐസക്</u>) : കേന്ദ്രത്തിൽ യു.പി.എ. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒരു വർഷംകൊണ്ട് പെട്രോളിന്റേയും ഡീസലിന്റേയും വിലയിൽ നാലിലൊന്ന് വർദ്ധനവ് വരുത്തി. ക്രൂഡ് ഓയിലിന് 70 പൈസയുടെ വർദ്ധനവ് ഉണ്ടായപ്പോഴാണ് പെട്രോളിനും ഡീസലിനും 10 രൂപയിലധികം വർദ്ധിപ്പിച്ചത്. എണ്ണക്കമ്പനികളുടെ നഷ്ടം നികത്താനെന്ന പേരിൽ കേന്ദ്ര ഗവൺമെന്റിന്റെ വരുമാനം വർദ്ധിപ്പിക്കുകയാണ് ഉദ്ദേശം. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് പെട്രോൾ, ഡീസൽ വില ഇരട്ടിയാകുകയും പെട്രോളിന്റെ നികുതി നിരക്ക് 23 ശതമാനത്തിൽനിന്നും 28 ശതമാനമായും ഡീസലിന്റെ നികുതി നിരക്ക് 20 ശതമാനത്തിൽനിന്നും 24 ശതമാനമായും വർദ്ധിപ്പിക്കുകയും ചെയ്തു. നിലവിലുള്ള ഉയർന്ന നികുതിനിരക്ക് കഴിഞ്ഞ യു.ഡി.എഫ് ഗവൺമെന്റിന്റെ കാലത്ത് നിശ്ചയിച്ചിട്ടുള്ളതാണ്. കോൺഗ്രസ്സ് ഭരിക്കുന്ന ഒരു സംസ്ഥാനത്തും നികുതി വേണ്ടെന്ന് വയ്ക്കുകയോ നികുതി കുറയ്ക്കുകയോ ചെയ്തിട്ടില്ല. നിലവിലുള്ള നികുതിഘടനയിൽ ഏകപക്ഷീയമായ

മാറ്റം വരുത്താൻ പാടില്ലെന്നും സംസ്ഥാന ധനകാര്യമന്ത്രിമാരുടെ സമ്മേളനത്തിൽ ചർച്ച ചെയ്തതിനുശേഷം മാത്രമേ നികുതി നിരക്കിൽ മാറ്റം വരുത്താവൂവെന്നും എംപവേർഡ് കമ്മിറ്റിയിൽ കോൺഗ്രസ്സ് പാർട്ടി അടക്കം ഉന്നയിച്ചിട്ടുണ്ട്. എണ്ണവില വർദ്ധനവുമൂലം സംസ്ഥാനത്തിന്റെ ചെലവും ഗണ്യമായി ഉയരുകയാണ്. അതുകൊണ്ട് കേന്ദ്ര ഗവൺമെന്റ് ഉണ്ടാക്കുന്ന വിലക്കയറ്റത്തിന് ആനുപാതികമായി സംസ്ഥാനത്തിനുള്ള സഹായവും വർദ്ധിപ്പിക്കണമെന്ന് സംസ്ഥാന ഗവൺമെന്റുകൾ ഒന്നടങ്കം ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ ജനങ്ങളുടെ വികാരം ഉൾക്കൊള്ളുന്ന ഈ പ്രമേയം ഐകകണ്ഠ്യേന അംഗീകരിക്കണം.

<u>ശ്രീ. ടി.എൻ. പ്രതാപൻ</u> : പ്രമേയത്തിന് താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു. 'പെട്രോൾ, ഡീസൽ, മണ്ണെണ്ണ, പാചകവാതകം എന്നിവയ്ക്ക് വില വർദ്ധിപ്പിച്ച തീരുമാനം പുന:പരിശോധിക്കണമെന്നും ഈ കാര്യത്തിൽ ജനങ്ങൾക്കുണ്ടായ വിഷമതകൾ പരിഹരിക്കണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നതോടൊപ്പം സർക്കാരിന് ഈയിനത്തിൽ ഉണ്ടാകുന്ന അധിക നികുതിവരുമാനം സംസ്ഥാന സർക്കാർ ഉപേക്ഷിക്കണമെന്നും ഇതിലൂടെ സംസ്ഥാനത്തെ പെട്രോളിയം ഉല്പന്നങ്ങളുടെ വില വർദ്ധനവുമൂലമുണ്ടാകുന്ന ജനങ്ങളുടെ ഭാരം ലഘൂകരിക്കണമെന്നും ആവശ്യപ്പെടുന്നു.'

ഭേദഗതി സഭ നിരാകരിച്ചു.

(ഭേദഗതി നിരാകരിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭയിൽനിന്ന് പുറത്തുപോകുകയും അല്പസമയത്തിനുള്ളിൽ തിരിച്ചുവരികയും ചെയ്തു.)

പ്രമേയം സഭ അംഗീകരിച്ചു.

(iii) <u>ഹൈസ്കൂളുകളിൽ പ്ളസ് ടു ആരംഭിക്കാൻ നടപടി</u>

<u>ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി</u> : ''ഹയർ സെക്കണ്ടറി കോഴ്സുകൾ പൊതുവിദ്യാഭ്യാസത്തിന്റെ ഭാഗമാക്കി മാറ്റിയ സാഹചര്യത്തിൽ ഹൈസ്കൂൾ പഠനം പൂർത്തിയാക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും ഹയർ സെക്കണ്ടറി പഠനത്തിന് അവസരം ലഭ്യമാക്കുന്ന രീതിയിൽ മലബാർ മേഖലയ്ക്ക് മുൻഗണന നൽകിക്കൊണ്ട് സംസ്ഥാനത്തെ എല്ലാ ഹൈസ്കൂളുകളിലും പ്ളസ് ടു കോഴ്സ് ആരംഭിക്കാൻ നടപടി സ്വീകരിക്കണമെന്ന് ഈ സഭ സംസ്ഥാന സർക്കാരിനോടഭ്യർത്ഥിക്കുന്നു'' എന്ന പ്രമേയം അവതരിപ്പിക്കുന്നു.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : പ്രമേയത്തെ പിന്താങ്ങുന്നു.

<u>ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി</u> : എല്ലാ ഹൈസ്കൂളുകളിലും പ്ളസ് ടൂ കോഴ്സ് അനുവദിക്കുക; എസ്.എസ്.എൽ.സി. പാസ്സായ എല്ലാ കുട്ടികൾക്കും ഉപരിപഠന സൗകര്യങ്ങൾ ലഭ്യമാക്കുക എന്നീ ആവശ്യങ്ങളാണ് പ്രധാനമായും ഉന്നയിക്കുന്നത്. പ്രീഡിഗ്രി കോളേജുകളിൽനിന്ന് ഡീ-ലിങ്ക് ചെയ്ത് പൊതുവിദ്യാഭ്യാസത്തിന്റെ ഭാഗമാക്കിയെങ്കിലും എല്ലാ ഹൈസ്കൂളുകളിലും ഹയർ സെക്കണ്ടറി കോഴ്സുകൾ വന്നിട്ടില്ല. കുട്ടികൾക്ക് ഉപരിപഠനത്തിന് ആവശ്യമായ സൗകര്യം ലഭിക്കാത്തതിനാൽ വിദ്യാഭ്യാസ രംഗത്ത് ഗുരുതരമായ സ്ഥിതിവിശേഷമാണ് സംജാതമായിരിക്കുന്നത്. ഈ പ്രശ്നം ഏറ്റവും രൂക്ഷമായി അനുഭവപ്പെടുന്നത് മലബാർ മേഖലയിലാണ്.

(ചർച്ച തുടരും)

സഭ ഉച്ചയ്ക്കുശേഷം 12.30-ന് പിരിഞ്ഞു.